(സി) ചളവറ- ചളവറ പഞ്ചായത്ത്
കൈലിയാട്- ചളവറ പഞ്ചായത്ത്

അമ്പലപ്പാറ- അമ്പലപ്പാറ പഞ്ചായത്ത്

റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുവാൻ നടപടി

122(1379) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റത്തിന്റെ സാഹചര്യത്തിൽ, ഒരു കുടുംബത്തിന് ദൈനംദിനം ആവശ്യമുള്ള എത്രയിനം സാധനങ്ങൾ കൂടി റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ കഴിയേണ്ടതാണെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) വലിയ സബ്സിഡി കൊടുത്തില്ലെങ്കിൽപ്പോലും, ഗുണമേന്മ നിലനിർത്തിക്കൊണ്ട് 25 ഇനം സാധനങ്ങൾ എങ്കിലും റേഷൻകടകൾ വഴി വിതരണം നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും ഒരു കുടുംബത്തിന്റെ ദൈനംദിന ആവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റുന്നതിനും കുറഞ്ഞത് 13 ഇനം ഗുണമേന്മയുള്ള അവശ്യവസ്തുക്കൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടമായി 3000 റേഷൻ കടകളിലായിരിക്കും നടപ്പിലാക്കുന്നത്. എല്ലാ റേഷൻ കടകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കാൻ 370 കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്.

വിഷാംശം കലർന്ന ചെറുപയർ വിതരണം ചെയ്തവർക്കെതിരെ നടപടി

123(1380) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള ചെറുപയറിൽ ടെട്രസൈൻ എന്ന മാരകമായ വിഷവസ്തു കലർത്തിയതിന് ഉത്തരവാദികൾ ആരൊക്കെയാണെന്നും, അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ബി) ആരോപണവിധേയരായ വിതരണക്കാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി അവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുകയും വിതരണക്കാരുടെ ലിസ്റ്റിൽ നിന്നും എന്നന്നേക്കുമായി ഒഴിവാക്കാൻ നടപടിയെടുക്കുകയും ചെയ്യുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly